**പതിമൂന്നാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1168 11.7.2011- ൽ മറുപടിയ്ക്ക്

**നിരോധിച്ച കീടനാശിനികളുടെ ഉപയോഗം തടയുന്നതിനുള്ള നടപടി**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.ബാബു. എം.പാലിശ്ശേരി: | | ശ്രീ. കെ.പി.മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| എ) സംസ്ഥാനത്ത് ഏതെല്ലാം കീടനാശിനികളാണ് മനുഷ്യ ജീവന് ഹാനികരമാണെന്ന് കണ്ടെത്തി നിരോധിച്ചിട്ടുള്ളത് ;<br><br>ബി) നിലവിൽ ഏതെല്ലാം കീടനാശിനികളാണ് ഉപയോഗിക്കാൻ കർഷകർക്ക് അനുമതിയുള്ളത് ; | (എ) & ബി) | വിഷവീര്യം കൂടിയ ചുവപ്പ് ലേബലുള്ള കീടനാശിനികളായ കാർബോഫ്യൂറാൻ, ഫോറേറ്റ്, മീതൈൽ പാരത്തിയോൺ, മോണോക്രോട്ടോഫോസ്, മീതൈൽ ഡിമറ്റോൺ എന്നിവയും മഞ്ഞ നിറത്തിലുള്ള ലേബലോടുകൂടിയ കീടനാശിനികളായ ട്രയാസോ ഫോസ്, പ്രൊഫെനോഫോസ് എന്നിവയും കുമിൾ നാശിനികളായ എഡിഫെൻഫോസ്, ട്രൈസൈക്ലാസോൾ, ഓക്സിതയോക്വിനോക്സ് എന്നിവയും കളനാശിനികളായ അനിലോഫോസ്, പാരക്വാട്ട്, തിയോ ബെൻകാർബ്, അട്രാസിൻ എന്നിവയാണ് മനുഷ്യ ജീവന് ഹാനികരമായി കണ്ടെത്തി നിരോധിച്ചിട്ടുള്ളത്. ടി കീടനാശിനികൾ ഒഴികെ മറ്റുള്ള കീടനാശിനികൾ ഒരു കൃഷി ഓഫീസറുടെ കുറിപ്പോടു കൂടി അംഗീകൃത ഡിപ്പോകളിൽ നിന്നും വാങ്ങി ഉപയോഗിക്കാവുന്നതാണ്. |
| സി) നിരോധിച്ച കീടനാശിനികൾ ഉപയോഗിക്കുന്നില്ല എന്ന് ഉറപ്പു വരുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ? | സി) | സംസ്ഥാനത്തെ കീടനാശിനികളുടെ വിതരണവും ഉപയോഗവും നിയന്ത്രിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ 17.1.2011 ലെ ജി.ഒ (എം.എസ്) നം.22/2011/കൃഷി പ്രകാരം ഉത്തരവായിട്ടുണ്ട്. കൃഷി വകുപ്പിലെ കൃഷി ഓഫീസറുടെ റാങ്കിൽ കുറയാത്ത ഒരു |

ഉദ്യോഗസ്ഥൻെറ കുറിപ്പടിയുടെ അടിസ്ഥാനത്തിൽ മാത്രമേ വിൽപ്പന ശാലകളിൽ നിന്നും കീടനാശിനികൾ നൽകാവൂ എന്ന് ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്. വിളയുടെ പേരും രോഗവും വ്യക്തമാക്കുകയും ഏത് കീടനാശിനി (രാസനാമം ഉൾപ്പെടെ) എത്ര അളവിൽ ഉപയോഗിക്കണമെന്നും കുറിപ്പടിയിൽ വ്യക്തമാക്കണമെന്ന് ഉത്തരവിൽ പറയുന്നുണ്ട്. കീടനാശിനി ഡിപ്പോ ഡീലർമാർ കുറിപ്പടിയുടെ അടിസ്ഥാനത്തിൽ മാത്രം കീടനാശിനി വിതരണം ചെയ്യേണ്ടതാണെന്നും ആയതിൻെറ വിശദാംശങ്ങൾ രജിസ്റ്ററിൽ സൂക്ഷിക്കേണ്ടതാണെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് പരിശോധനയ്ക്ക് നൽകേണ്ടതാണെന്നും ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ ഉത്തരവിന് എതിരായി പ്രവർത്തിക്കുന്നവർക്കെതിരെ കർശന നടപടി കൈക്കൊള്ളുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ സംസ്ഥാനത്ത് ബദൽ കീടനാശിനികൾ ആവശ്യമായ അളവിൽ ഉണ്ട് എന്ന് ഉറപ്പു വരുത്തുകയും ചെയ്തിട്ടുണ്ട്. പ്രിൻസിപ്പൽ കൃഷി ഓഫീസർ, ഡെപ്യൂട്ടി ഡയറക്ടർ (ഇ.പി), അസി.ഡയറക്ടർ (ക്യു.സി) എന്നിവർ അംഗങ്ങളായ ഒരു ജില്ലാതല സ്ക്വാഡ് രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. പ്രതിവാര പരിശോധനകൾ ഡിപ്പോകളിലും, അതിർത്തി ജില്ലകളിലും നടത്തുന്നതിന് അസി.ഡയറക്ടർ (ക്യു.സി) മാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്താൻ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ